**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 822** **06-02-2023 - ൽ മറുപടിയ്ക്ക്**

**വെള്ളനാട് ഗ്രാമ പഞ്ചായത്തിലെ വെളിയന്നൂർ കുറുങ്കള്ളൂർ കോളനി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വികസന വകുപ്പിന് കീഴിൽ 2019-20-ൽ അനുവദിച്ച വെള്ളനാട് ഗ്രാമ പഞ്ചായത്തിലെ വെളിയന്നൂർ കുറുങ്കള്ളൂർ കോളനി വികസനവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | 2019-20 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത വെള്ളനാട് ഗ്രാമപഞ്ചായത്തിലെ വെളിയന്നൂർ കുറുങ്കള്ളൂർ കോളനിയിലെ വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന് കൂടിയ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിന്റെ അടിസ്ഥാനത്തിൽ ടി കോളനിയിൽ ഉൾപ്പെടുത്തേണ്ട വികസന പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | കോവിഡ് നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാലും കോളനി നിവാസികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയാത്തതിനാലും മോണിറ്ററിങ് കമ്മിറ്റിയെ തെരെഞ്ഞെക്കുന്നതിനോ കോളനിയിലെ വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനോ സാധിക്കാത്ത സാഹചര്യമായതിനാലാണ് പദ്ധതി തുടങ്ങുന്നതിന് കാലതാമസം വന്നിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ? | (സി) | പദ്ധതി അടിയന്തിരമായി ആരംഭിക്കുന്നതിന് എത്രയും വേഗം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ ജില്ലാ നിർമ്മിതി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് സമയബന്ധിതമായി ലഭ്യമാക്കി എത്രയും വേഗത്തിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ